ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടിവരെ ഉണ്ടായ സ്ഥിതിക്ക് അതിന്റെ പുനർവിഭജനം നടത്താൻ ആവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. സി.എം. സുന്ദരം: ബഹുമാനപ്പെട്ട മെമ്പർ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഇത്രയുമധികം ഒച്ചപ്പാട് ഉണ്ടാക്കുന്ന സാഹചര്യത്തിൽ പുനർനിർണ്ണയം നടത്തണമെന്ന് പറഞ്ഞാൽ തിരഞ്ഞെടുപ്പ് എങ്ങനെയാണ് നടത്തുന്നത്?

ശ്രീ. വി.ജെ. തങ്കപ്പൻ: ഏകദേശം മുപ്പതിൽപ്പരം പഞ്ചായത്തുകളും പുനർവിഭജനം നടത്തുന്നതിനെ സംബന്ധിച്ച അന്തിമതീരുമാനമെടുക്കാനാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ അടുത്ത് ഫയൽ എത്തിയിട്ടുള്ളതെന്ന് പറഞ്ഞു. പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത് രണ്ടാക്കാൻ ഗവൺമെന്റ് ഉത്തരവിട്ടു. വളരെ വിസ്തൃതമായ പഞ്ചായത്തിനെ, ഒരു വിധത്തിലും ഒരു കമ്മിറ്റിയെ കൊണ്ട് ഭരിക്കാൻ സാധിക്കാത്ത പഞ്ചായത്തിനെ പുനർവിഭജനം നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി.എം. സുന്ദരം: തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ പുനർവിഭജനത്തെപ്പറ്റി ചിന്തിക്കാൻ പറ്റുകയില്ല. പുനർവിഭജനം വേണമെന്ന് തീരുമാനിച്ചാൽ തിരഞ്ഞെടുപ്പ് വേണ്ടെന്ന് തീരുമാനിക്കേണ്ടിവരും.

(ചോദ്യം 98 ചോദിച്ചില്ല)

പഞ്ചായത്തുകൾക്ക് വി.ആർ.എം. ഗ്രാന്റ്

* 57 [99] ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ:
ശ്രീമതി പി. ദേവൂട്ടി:
ശ്രീ. വി.ജെ. തങ്കപ്പൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് വി.ആർ.എം. ഗ്രാന്റ് നൽകുന്നത് എന്തു നിരക്കിലാണ്;

(ബി) ഏതെല്ലാം ഇനങ്ങൾക്കാണ് പ്രസ്തുത ഗ്രാന്റ് നൽകുന്നത്;

(സി) ഈ ഇനത്തിൽ പ്രതിവർഷം എത്ര രൂപയുടെ ഗ്രാന്റ് നൽകുന്നുണ്ട്;

(ഡി) 1983-84, 1984-85, 1985-86 വർഷങ്ങളിൽ ഈ ഇനത്തിൽ എത്രകോടി രൂപയുടെ ഗ്രാന്റ് നൽകിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരം):

(എ) 5.1.1983-ലെ ജി.ഒ.ആർ.ടി. 52/83 തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമീണറോഡ് സംരക്ഷണ ഗ്രാൻറ് നൽകേണ്ടത് താഴെപറയുന്ന നിരക്കിലാണ്.

1. മെറ്റൽഡ് ആൻറ് ബ്ലാക്ക് ടോപ്പ്ഡ് റോഡ് (കി. മീ.) 1200 രൂപ.
2. ഗ്രാവൽഡ് റോഡ് (കി.മീ.) 900 രൂപ
3. എർത്തൺ റോഡ് (കി.മീ.) 750 രൂപ.

(ബി) പഞ്ചായത്തിൻെറ അധീനതയിലുള്ള റോഡുകളുടെ സംരക്ഷണത്തിനാണ് ഗ്രാൻറ് നൽകുന്നത്.

(സി) പണത്തിൻെറ ലഭ്യതയനുസരിച്ചാണ് ഓരോ വർഷവും ഗ്രാൻറ് നൽകുന്നതും വിതരണം ചെയ്യുന്നതും.

(ഡി) 1983.84-ൽ 4,48,94,002.24 രൂപയും 1984.85-ൽ 4,48,68,912.80 രൂപയും ഈ ഇനത്തിൽ ഗ്രാൻറ് നൽകിയിട്ടുണ്ട്. 1985.86-ൽ ഗ്രാൻറ് തുക ഇതുവരെയും വിതരണം ചെയ്തിട്ടില്ല.

ശ്രീ. വി.ജെ. തങ്കപ്പൻ: വില്ലേജ് റോഡുകളുടെ മെയിൻറനൻസ് ഗ്രാൻറ് അപര്യാപ്തമായതുകൊണ്ട് വില്ലേജുറോഡുകളുടെ മെയിൻറനൻസ് പണി നടക്കുന്നില്ലെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതിൻെറയടിസ്ഥാനത്തിൽ 1985–86 സാമ്പത്തിക വർഷം കൂടുതൽ തുക വി.ആർ.എം. ഗ്രാൻറായി അനുവദിക്കാൻ തയ്യാറാകുമോ?

ശ്രീ. സി.എം. സുന്ദരം: അത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മെയിൻറനൻസ് ഗ്രാൻറ് അപര്യാപ്തമാണ്, കൂടുതൽ തുകയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെൻറിൻെറ സാമ്പത്തിക സ്ഥിതിയനുസരിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. വി.ജെ. തങ്കപ്പൻ: ഗവൺമെൻറുതന്നെ നേരിട്ട് ഈ പഞ്ചായത്തുകളെ ഭരിക്കുന്ന സാഹചര്യത്തിൽ, പ്രത്യേകിച്ചും പഞ്ചായത്തുരേണത്തിന് പഞ്ചായത്തുകമ്മിറ്റികളും ഇല്ലാത്ത സാഹചര്യത്തിൽ, കാര്യക്ഷമമായി നടക്കുന്നുവെന്നും ഗവൺമെൻറിനും മന്ത്രിക്കും അഭിപ്രായമുള്ള സാഹചര്യത്തിൽ കൂടുതൽ തുക അനുവദിച്ചുകൊണ്ട് ഗവൺമെൻറ് നേരിട്ട് വില്ലേജ് റോഡുകളുടെ മെയിൻറനൻസ് ഏറെറടുത്ത് നടത്താൻ തയ്യാറാകുമോ?

ശ്രീ. സി.എം. സുന്ദരം: ഇപ്പോൾ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള ഭരണം നടക്കുന്ന സാഹചര്യത്തിൽ ഗവൺമെൻറിന് പഞ്ചായത്ത് ഉദ്യോഗസ്ഥൻമാരെ വേണ്ടെന്നുവച്ച് നേരിട്ട് ഭരണം നടത്താൻ ബുദ്ധിമുട്ട് വരും.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: വില്ലേജ് റോഡുകൾക്ക് മെയിൻറനൻസ് ഗ്രാൻറ് അപര്യാപ്തമാണെന്നും അറിയാമെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പഞ്ചായത്ത് കമ്മിറ്റികളും ഇല്ലാത്ത ഈ അവസരത്തിൽ കിട്ടുന്ന ഗ്രാൻറുതന്നെ ചെലവാക്കേണ്ട രീതിയിൽ ചെലവാക്കാതെ അഴിമതി നടത്തുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എം. സുന്ദരം: ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല. ശ്രദ്ധയിൽപെടുത്തുകയാണെങ്കിൽ നടപടി സ്വീകരിക്കാം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: ആറുമാസം കഴിഞ്ഞിട്ടും 1985–86 ലേയ്ക്ക് അലോട്ട്മെൻറ് കൊടുത്തിട്ടില്ല. ഇനിയുള്ള ആറുമാസംകൊണ്ട് കൊടുക്കുന്ന കാശ് ചെലവാക്കാൻ കഴിയുകയില്ല. അതുകൊണ്ട് അടിയന്തിരമായി കൂടുതൽ തുക കൊടുക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. സി.എം. സുന്ദരം: കൂടുതൽ തുക ഗവൺമെൻറിൽ നിന്നും കിട്ടാൻവേണ്ട എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ദേശീയ തൊഴിൽദാന പരിപാടി

* 58 [100] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
ശ്രീമതി കെ.ആർ. ഗൗരി:
ശ്രീ. സി.കെ. ചക്രപാണി:
,, വി.എസ്. ചന്ദ്രശേഖരൻപിള്ള:
,, എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദേശീയ തൊഴിൽദാന പരിപാടി നടപ്പാക്കിയതിൽ വന്നിട്ടുള്ള വീഴ്ചകളെപ്പറ്റി ഇൻഡ്യാ ഗവൺമെൻറിൻെറ കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറൽ വല്ല പരാമർശവും നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണെന്നു വെളിപ്പെടുത്താമോ?

സാമൂഹ്യ വികസന വകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) ഉണ്ട്.

(ബി) കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 1983–84 വർഷത്തെ റിപ്പോർട്ടിൽ എല്ലാ സംസ്ഥാനങ്ങൾക്കും പൊതുവായി ബാധകമായ പരാമർശനങ്ങളാണ് നടത്തിയിട്ടുള്ളത്. അതിൽ കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം താഴെ പറയുന്ന ഗൗരവമായ കാര്യങ്ങൾ പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്:

18 ബ്ലോക്കുകളിലേക്കായി 4294 ടൺ ഭക്ഷ്യധാന്യം നൽകുകയുണ്ടായി. ഈ ഭക്ഷ്യധാന്യം എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും കിട്ടിയതായും ആയത് കൺവീനർമാർക്ക് കൊടുത്തതായും ബ്ലോക്കുകളിലെ രജിസ്റ്ററിൽ കാണുന്നുണ്ട്. എന്നാൽ ഈ ഭക്ഷ്യധാന്യം ബ്ലോക്കു തല സ്ഥാനങ്ങളിൽ എത്തുകയോ അവിടെ നിന്ന് കൊടുക്കുകയോ ചെയ്തതായി കാണുന്നില്ല. കൂടാതെ ചിറയിൻകീഴ് ബ്ലോക്കിൽ കൺവീനർമാർക്ക് കൂടുതലായി നൽകിയിരുന്ന 66.81 ടൺ ഭക്ഷ്യധാന്യം തിരിച്ച് വാങ്ങാത്തതിനെപ്പറ്റിയും പരാമർശിച്ചിട്ടുണ്ട്. 'ജോലിക്ക് ഭക്ഷണം' എന്ന പരിപാടിയനുസരിച്ച് വിതരണം ചെയ്ത 515.650 ടൺ ഭക്ഷ്യധാന്യം ഉപയോഗിക്കാതെ മൂന്ന് വർഷത്തിലധികം കൺവീനർമാരുടെ കൈവശം ഇരിക്കുന്നതായി റിപ്പോർട്ടിൽ പറയുന്നു. 1981 മാർച്ചിനും 1983 മാർച്ചിനും ഇടയ്ക്ക് 14 ബ്ലോക്കുകളിലായി 17.39 ലക്ഷം രൂപയ്ക്ക് ഏറെടുത്ത 29 ജോലികൾ ഉപേക്ഷിച്ചതായും റിപ്പോർട്ടിൽ പറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly